റോഡ് വീതികൂട്ടാൻ നടപടി

168(460) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ പാളയം ഒബ്സർവേറ്ററി ലൈൻ എൻ.ജി.ഒ. ക്വാർട്ടേഴ്സ് ജംഗ്ഷൻ മുതൽ ബേക്കറി ജംഗ്ഷൻ വരെ എത്ര ദൂരം സഞ്ചാരയോഗ്യമായ റോഡ് നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) നിലവിലുള്ള റോഡിന്റെ വീതി ഓരോ ഭാഗത്തും എത്ര മീറ്ററാണെന്നും അതിന്റെ വശങ്ങളിൽ എത്ര മീറ്റർ സർക്കാർ ഭൂമി ലഭ്യമാണെന്നും വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ കൈവശമുള്ള ഭൂമിയും കൂടുതൽ ആവശ്യമായ ഭൂമി കൈവശക്കാരിൽനിന്നും ഏറ്റെടുത്ത് രണ്ടുവരി റോഡ് ഗതാഗതത്തിന് സജ്ജമാക്കുന്നതിന് ഉത്തരവ് നൽകുമോ;

(ഡി) ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ സ്കീമിലുൾപ്പെടുത്തി രണ്ടുവരി റോഡിന്റെ നിർമ്മാണത്തിന് തിരുവനന്തപുരം നഗരസഭയുടെ ആസൂത്രണ സമിതിയോട് നിർദ്ദേശിക്കുമോ?

ഉത്തരം

(എ) 1.20 കി.മീ. റോഡ് സഞ്ചാരയോഗ്യമായി ഉണ്ട്.

(ബി) ഈ റോഡിന് ശരാശരി 15 മീറ്റർ വീതിയുണ്ട്.

(സി) പ്രസ്തുത റോഡ് രണ്ട് വരിയായി വികസിപ്പിക്കുന്നതിനുള്ള ഭൂമി ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭദശയിലാണ്.

(ഡി) തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ ഭാഗമായി പ്രസ്തുത റോഡ് വികസിപ്പിക്കുന്നതുകൊണ്ട് മറ്റൊരു സ്കീമിൽ ഈ റോഡ് ഇനി ഉൾപ്പെടുത്തേണ്ട ആവശ്യമില്ല.

പുതിയ നഗരസഭകളിൽ ജീവനക്കാരുടെ നിയമനം

169(461) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി രൂപവൽക്കരിക്കപ്പെട്ട നഗരസഭകളിലേക്ക് ആവശ്യമായ ജീവനക്കാർ ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ നഗരസഭകളിൽ ആവശ്യമായ ജീവനക്കാരേയും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയതായി രൂപവൽക്കരിക്കപ്പെട്ട ഏഴ് (7) നഗരസഭകളിൽ മുനിസിപ്പൽ സെക്രട്ടറി തസ്തിക സൃഷ്ടിച്ചുകൊണ്ടും പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. 21-10-2010-ലെ ജി.ഒ.(എം.എസ്.) നമ്പർ 240/10/തസ്വഭവ. പ്രകാരം പഞ്ചായത്തുകളിൽ നിലവിലുള്ള ജീവനക്കാരെ പുതിയതായി രൂപീകരിച്ച നഗരസഭകളിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ 1-11-2010 മുതൽ 31-3-2011 വരെ നിലനിർത്തിയിട്ടുണ്ട്. പുതിയ നഗരസഭകളിൽ സ്റ്റാഫ് സ്റ്റാന്റേർഡൈസേഷൻ മാനദണ്ഡപ്രകാരം ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly